GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**Press Release**

PR.62/2025 11.07.2025

# പുതിയ എയിംസ് പോർട്ടൽ ജൂലൈ 15 മുതൽ: വിളനാശ അപേക്ഷകൾ ഇനി മുതൽ പുതിയ പോർട്ടലിൽ

**വന്യ ജീവി ആക്രമണ നാശനഷ്ടങ്ങൾക്ക് ഇനി മുതൽ അപേക്ഷ സമർപ്പിക്കാം.**

തിരുവനന്തപുരം: പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള ധനസഹായത്തിനായി കർഷകർക്ക് അപേക്ഷകൾ സമർപ്പിക്കാൻ തയ്യാറാക്കിയ എയിംസ് (AIMS) പോർട്ടലിന്റെ നവീകരിച്ച രണ്ടാം പതിപ്പ് 2025 ജൂലൈ 15 മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് കൃഷി വകുപ്പ് ഔദ്യോഗികമായി അറിയിച്ചു. കർഷകർക്ക് കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റം. നിലവിൽ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസ പദ്ധതിയിലെ അപേക്ഷകൾ മാത്രമാണ് പുതിയ പോർട്ടലിലേക്ക് മാറ്റുന്നത്. ഇത് കർഷകർക്ക് കൂടുതൽ ലളിതമായി അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കും. നിലവിൽ ലഭ്യമായ യൂസർ ഐ.ഡി., പാസ്സ്‌വേർഡ് ഉപയോഗിച്ച് തന്നെ പുതിയ പോർട്ടലായ aimsnew.kerala.gov.in-ൽ ലോഗിൻ ചെയ്യാൻ കഴിയും. വന്യജീവി ആക്രമണം മൂലമുള്ള കൃഷി നാശനഷ്ടങ്ങൾക്കുള്ള അപേക്ഷകൾ കൂടി ഇനി മുതൽ സമർപ്പിക്കാം എന്നതാണ് എയിംസ് പോർട്ടൽ പുതിയ പതിപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഇത് വന്യജീവി ആക്രമണം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് വലിയ ആശ്വാസമാകും. അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥലവിവരങ്ങൾ വീണ്ടും ചേർക്കേണ്ടതില്ല എന്നത് കർഷകർക്ക് ഏറെ സഹായകമാകും. എന്നാൽ വിള വിവരങ്ങൾ ആവശ്യമെങ്കിൽ പുതിയ പോർട്ടലിൽ ചേർക്കാൻ അവസരമുണ്ടാകും. നിലവിൽ തീർപ്പുകല്പിക്കപ്പെടാതെയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി (സ്റ്റാറ്റസ്) മനസിലാക്കുന്നതിന് കർഷകർ പഴയ പോർട്ടൽ തന്നെ സന്ദർശിക്കണം. അതോടൊപ്പം വിള ഇൻഷുറൻസ്, നെൽവയൽ റോയൽറ്റി തുടങ്ങിയ മറ്റ് പ്രധാന സേവനങ്ങൾ തൽക്കാലം പഴയ പോർട്ടലിൽ തന്നെ തുടരുമെങ്കിലും ഉടനെ തന്നെ മുഴുവൻ സേവനങ്ങളും പുതിയ പോർട്ടലിലേക്ക് മാറ്റാനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും പുതിയ പോർട്ടൽ പരിചയപ്പെടുന്നതിനു വിശദമായ വീഡിയോ ട്യൂട്ടോറിയലുകളും യൂസർ മാനുവലുകളും കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ keralaagriculture.gov.in-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കർഷകർക്ക് പുതിയ സംവിധാനവുമായി വേഗത്തിൽ പൊരുത്തപ്പെടാൻ സഹായകരമാകും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**
**ഫാം ഇൻഫർമേഷൻ ബ്യൂറോ**